(6) ഓഫീസ് ഓഫ് ദി ഫീൽഡ് ഡയറക്ടർ, കോട്ടയം

(എ) 1. ശ്രീ. സിദ്ധാർത്ഥൻ, ഫോറസ്റ്റർ 2. ശ്രീ. സന്തോഷ് കുമാർ, ഫോറസ്റ്റ് ഗാർഡ് 3. കെ. ശശിധരൻ പിള്ള, ഫോറസ്റ്റ് ഗാർഡ്	തേക്കടി ടൂറിസം റെയിഞ്ചിൽനിന്നും 26 ചന്ദന മരങ്ങൾ മുറിച്ച് നീക്കം ചെയ്ത കേസ്സിൽ കൃത്യവിലോപം ആരോപിച്ച് അച്ചടക്ക നടപടി സ്വീകരിച്ചു.
(ബി) 1. വി.എൻ. രവീന്ദ്രൻ നായർ, റെയിഞ്ചോഫീസർ 2. ജെ. ഷാജി, ഫോറസ്റ്റർ 3. പി.സി. തോമസ്, ഫോറസ്റ്റ് ഗാർഡ്	വള്ളക്കടവ് റെയിഞ്ചിൽ 5 പാലിമരങ്ങൾ മുറിച്ച് നീക്കം ചെയ്തതുമായി ബന്ധപ്പെട്ട് അച്ചടക്ക നടപടി സ്വീകരിച്ചു.

60 (1101) 'വനം വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ പ്രൊമോഷൻ'

ശ്രീ. കെ. സുധാകരൻ :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ജനുവരി 25 മുതൽ 2000 ഫെബ്രുവരി 10 വരെ വനംവകുപ്പിലെ എത്ര ഉദ്യോഗസ്ഥൻമാർക്ക് ഡി.എഫ്.ഒ., ഫോറസ്റ്റ് അസിസ്റ്റന്റ് കൺസർവേറ്റർ എന്നീ പോസ്റ്റുകളിൽ പ്രൊമോഷൻ നൽകിയിട്ടുണ്ട്;

(ബി) ഈ കാലത്ത് പ്രൊമോഷൻ നൽകപ്പെട്ട എത്ര പേരുടെ പേരിൽ അനധികൃത തടിവെട്ടുകാരായി ബന്ധപ്പെട്ടോ മറ്റു വിഭാഗത്തിലോ ഉള്ള കുറ്റാരോപണം നിലവിലുണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഇവരുടെ പ്രൊമോഷനുശേഷം ഈ കുറ്റാരോപണത്തിൻമേൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചു;

(ഡി) ഈ കുറ്റാരോപണങ്ങളുടെ ഇപ്പോഴത്തെ അവസ്ഥയെന്തെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1999 ജനുവരി 25 മുതൽ 2000 ഫെബ്രുവരി വരെ ഡി. എഫ്.ഒ/അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ എന്നീ പോസ്റ്റുകളിൽ ഒൻപത് പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ബി) ഈ കാലത്ത് പ്രൊമോഷൻ നൽകപ്പെട്ട നാലുപേരുടെ പേരിൽ കുറ്റാരോപണം നിലവിലുണ്ട്.

(സി)&(ഡി) ഇവരുടെ പ്രൊമോഷനുശേഷം ഈ കുറ്റാരോപണത്തിൻമേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങളും കുറ്റാരോപണങ്ങളുടെ ഇപ്പോഴത്തെ അവസ്ഥയും അനുബന്ധമായി ചേർത്തിരിക്കുന്നു.†

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

1.3.2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 49 (1090) ദയവായി കാണുക

ക്രമ നമ്പർ	ഇനം	വർഷ/വരുമാനം ലക്ഷം രൂപയിൽ		
		1996-97	1997-98	1998-99
1	തടി	13598.357	12395.551	10183.278
2	വിറകും കരിയും	151.739	227.720	163.450
3	കേരള സ്വകാര്യവനങ്ങൾ നിക്ഷിപ്തമാക്കലും, പതിച്ചു കൊടുക്കലും നിയമത്തിൽ വരുന്ന വന വിഭവങ്ങളുടെ വിൽപ്പന യിൽ നിന്നുള്ള വരവ്	226.452	201.346	202.153
4	വന വികസന നികുതി	697.581	637.940	508.171
5	കേരള വനഉൽപ്പന്നങ്ങ ളിൽ നിന്നുള്ള വരവുകൾ	162.427	120.203	61.097
6	മറ്റിനങ്ങൾ	337.324	401.571	465.167
	ആകെ	15173.880	13984.331	11583.315

അനുബന്ധം II

1.3.2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 60 (1101) ദയവായി കാണുക.

1. ശ്രീ. കെ.ഒ. ജോസ്

1. ബി5-61976/92

വാളയാർ റെയിഞ്ചോഫീസർ ആയിരിക്കെ ടി റെയിഞ്ചിലെ പാറപ്പൊട്ടി ആദിവാസി ഊരിനടുത്ത് വനനശീകരണവും വനം കയ്യേറ്റവുമായി ബന്ധപ്പെട്ട കേസിൽ ടിയാന് ഈ ഓഫീസിലെ 17.7.93 ലെ ബി5-61976/92 നമ്പരായി കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി. ഈ കേസിൽ ഇതേ നമ്പരിൽ 17.12.97 ന് ടിയാന് കാരണം കാണിക്കൽ നല്കിയതിൽ 1800/- രൂപ ടിയാനുൾപ്പെടെയുള്ളവരുടെ ശമ്പളത്തിൽ നിന്നും ശമ്പളത്തിന്റെ ആനുപാതിക തോതിൽ ഈടാക്കാനാണ് തീരുമാനം.

2. ബി5-4648/93

അകമലവാരത്തെ അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട് ടിയാനെതിരെ നിലവിലുണ്ടായിരുന്ന കേസ്, രണ്ട് വാർഷിക വേതനവർദ്ധനവ് സ്ഥിര

LIBRARY ARCHIVES Kerala Legislative Assembly

മായി തടഞ്ഞുകൊണ്ട് 6.5.99 ലെ ബി5-4648/93 നമ്പരായി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചു.

2. ശ്രീ. വി. പ്രസന്നൻ

1. ബി2-47480/98

ടിയാൻ കോന്നി റെയിഞ്ച് ചാർജ്ജിലായിരുന്നപ്പോൾ പത്തനംതിട്ട ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ സി/515/89 വനം കേസിന്റെ വിചാരണവേളയിൽ വാദിഭാഗം സാക്ഷിയുടെ പേരിലുള്ള സമൻസുകൾ കൃത്യമായി നടത്തുന്നതിൽ വീഴ്ചവരുത്തുകയും തന്മൂലം പ്രതികൾക്ക് അനുകൂലമായി വിധിയുണ്ടാകുവാനും സർക്കാരിന് 1,30,000/ രൂപയുടെ നഷ്ടമുണ്ടാകുവാനും കാരണമായതിനാൽ 11.1.99 ൽ കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നല്കി.

3. ശ്രീ. എം. പുഷ്പാംഗദൻ

1. ബി2-1088/96

കോന്നി-മണ്ണാറപ്പാറ റെയിഞ്ചിലെ 1975 ചെമ്പരുവി തേക്കു തോട്ടത്തിലെ തിന്നിംഗിലെ ക്രമക്കേട് സംബന്ധിച്ച് 3.2.98 ൽ കുറ്റപ്പത്രം നൽകി. ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് 31.8.99 ൽ ലഭിച്ചു. കേസ് തീർപ്പായിട്ടില്ല.

2. ബി2-26322/96

കോന്നി സൗത്ത് കുമരമ്പേരൂർ സെക്ഷനിൽ അനധികൃത തേക്കു മുറി സംബന്ധിച്ച് 8.2.97-ൽ 18 പേരോടൊപ്പം കഠിന ശിക്ഷക്കുള്ള കുറ്റപത്രം നൽകി 11.3.97-ൽ ടിയാൻ കുറ്റപത്രം കൈപ്പറ്റിയിട്ടുണ്ട്. സർക്കാർ നഷ്ടം 32,135 രൂപയാണ്. കേസ് തീർപ്പാക്കിയിട്ടില്ല.

3. ബി2-39388/96

1979 മണ്ണാറപ്പാറ വനലക്ഷ്മി കുരുമുളകു തോട്ടം തീ പിടിച്ചു നശിച്ചതു സംബന്ധിച്ച് 5.10.96-ൽ കുറ്റപത്രം നൽകി. ഔപചാരിക അന്വേഷണത്തിന് കൊല്ലം ഫോറസ്റ്റ് കൺസർവേറ്ററെ ചുമതലപ്പെടുത്തി. (19.8.97-ന്). റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല.

4. ശ്രീ. ഒ.എം. ജനാർദ്ദനൻ

1. ബി1-28040/96

താമരശ്ശേരി റെയിഞ്ചിലെ ഇടത്തറ സെക്ഷനിലെ കണിയാട് ബീറ്റിൽ സർക്കാർ ഭൂമിയിൽ നിന്നും അനധികൃതമായി മരം മുറിച്ച് നീക്കം ചെയ്യുന്നതിന് കൂട്ടുനിന്നതുവഴി ഗുരുതരമായ കൃത്യവിലോപം കാണിച്ചു. ടി പ്രവർത്തി മൂലം 70,000/- രൂപ സർക്കാർ നഷ്ടമുണ്ടാക്കി. 15.8.96-ന് ടി കുറ്റത്തിന് കുറ്റപ്പത്രം നൽകി. നടപടി പൂർത്തിയായിട്ടില്ല.

2. ബി5-5583/97

വഴിക്കടവ് റെയിഞ്ചാഫീസറായിരിക്കെ 1993-94 വർഷത്തിൽ ഗ്രാസിം കമ്പനി നെല്ലിക്കുത്ത് മുളം കൂപ്പിൽ നിന്നും മുളശേഖരണം പൂർത്തിയാക്കിയ മുറയ്ക്ക് കമ്പനിയുടെ ബാദ്ധ്യത തിട്ടപ്പെടുത്തി മഹസ്സർ തയ്യാറാക്കി യഥാസമയം കൂപ്പ് ഏറ്റെടുക്കാതിരുന്ന കേസ്സുമായി ബന്ധപ്പെട്ട് ടിയാന് 24.3.99-ലെ നമ്പരായി കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകുകയും 19.6.99-ൽ ടിയാൻ

LIBRARY ARCHIVES Kerala Legislative Assembly

കുറ്റപത്രം കൈപ്പറ്റുകയും ചെയ്തു. കുറ്റപത്രത്തിന് ടിയാൻ നാളിതുവരെ പ്രതിവാദ പത്രിക സമർപ്പിച്ചിട്ടില്ല.

5. ശ്രീ. ജോൺ അഗസ്റ്റിൻ നിർമ്മൽ

1. ബി6-38889/97

1995-ലെ വസ്തു വിവരപ്പട്ടിക നൽകാത്തതിന് ലഘുശിക്ഷക്കുള്ള കുറ്റ പത്രം നൽകിയിരുന്നു. നാളിതുവരെ കൈപ്പറ്റോ വിശദീകരണമോ നൽകിയി ട്ടില്ല.

2. ബി4-33342/97

ഏഴാറ്റുമുഖം സ്റ്റേഷനിലെ ഒ.ആർ. 1/95 വനംകൊള്ള സംബന്ധിച്ച കേസ്സിലെ അന്വേഷണചുമതല ഏറ്റെടുത്ത് തുടർനടപടികൾ സ്വീകരിക്കാൻ വീഴ്ച വരുത്തിയതുമൂലം കേസിൽ ഉൾപ്പെട്ട വാഹനം ഒളിപ്പിയ്ക്കാൻ സാഹ ചര്യം ഉണ്ടാക്കി. സർക്കാർ താല്പര്യത്തിന് എതിരായി പ്രവർത്തിച്ചു. സർക്കാർ ജോലിയിൽ ഗുരുതരമായ വീഴ്ച വരുത്തി. ടിയാന് 16.11.99-ൽ ടി കേസ്സുമായി ബന്ധപ്പെട്ട കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ടിയാൻ കൈപ്പറ്റ് രസീതോ, വിശദീകരണമോ നൽകിയിട്ടില്ല. ഓർമ്മക്കുറിപ്പ് ടിയാന് അയച്ചിട്ടുണ്ട്.

6. ശ്രീ. കെ. ഉമ്മർ

1. ബി7-24489/99 (ബി5-41325/95)

1963-64 തേക്കുപ്ലാന്റേഷൻ, തിരുവഴിയാട് സെക്ഷൻ നെല്ലിയാംപതി റെയിഞ്ചിലെ മരംമുറിയും തേക്കുകഴ ശേഖരണവും സംബന്ധിച്ച ക്രമക്കേടിൽ 21.8.95 ന് ടിയാന് ബി5-41325/95-ാം നം പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി. ടി കേസ്സിന്റെ ഔപചാരിക അന്വേഷണം നടന്നുവരുന്നു.

2. ബി7-26402/99 (ബി5-52136/98)

നെല്ലിയാംപതിയിലെ വിവിധ എസ്റ്റേറ്റുകളിലെ അനധികൃത മരംമുറി സംബന്ധിച്ച് വിജിലൻസ് നം. വി/സി 8/97, 9/97 കേസ്സുകൾ രജിസ്റ്റർ ചെയ്തി ട്ടുണ്ട്. 1.10.97-ലെ ജി.ഒ. (ആർ.റ്റി) 296/97/വിജി. പ്രകാരം സസ്പെൻഡു ചെയ്തു. 17.1.98-ലെ ജി.ഒ. (ആർ.റ്റി) 17/98/വിജി. പ്രകാരം സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചു. ഈ ഓഫീസിൽ ടി കേസ്സ് നിലവിലില്ല.

3. ബി7-26401/99 (ബി5-44598/96)

വനം വകുപ്പ് ഉദ്യോഗസ്ഥൻമാർക്കെതിരെ നെല്ലിയാംപതിയിലെ അന ധികൃത മരംമുറിയ്ക്ക് വിജിലൻസ് കേസ്സ് എടുത്തിട്ടുണ്ട്. ഇത് മുകളിൽ പറ യുന്ന കേസ്സുമായി ബന്ധപ്പെട്ടതാണ്.

7. ശ്രീ. എ.ഒ. ജോൺ

1. ബി3-41743/89

അടിമാലി റെയിഞ്ചിലെ കുമ്പൻപാറ സെക്ഷനിലെ അനധികൃത മരം മുറി അച്ചടക്ക നടപടി സംബന്ധിച്ച് 16.1.96-ൽ ജോണിന് ചാർജ്ജ് മെമ്മോ നൽകി. ചാർജ്ജ് മെമ്മോയ്ക്ക് വിശദീകരണം ലഭിച്ചതിനെത്തുടർന്ന് 15.6.99 -ലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ നടപടി ഉത്തരവ് പ്രകാരം ടിയാ നിൽ നിന്നും സർക്കാർ നഷ്ടമായ 19,432 രൂപ ഈടാക്കാനും രണ്ടു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടയാനും ഉത്തരവായി.

LIBRARY ARCHIVES Kerala Legislative Assembly